## പതിനാലാം കേരളനിയമസഭ
### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6080 — 02.04.2018 ൽ മറുപടിക്ക്

### പുതിയ വ്യവസായ സ്ഥാപനങ്ങൾ

**ചോദ്യം**
ശ്രീ.പി.കെ.ബഷീർ
" വി.കെ.ഇബ്രാഹിം കുഞ്ഞ്

**ഉത്തരം**
ശ്രീ. എ.സി. മൊയ്തീൻ
( ബഹു വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി )

| | |
|---|---|
| പുതിയ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് കരട് വ്യവസായ നയത്തിൽ ഉള്ളത്; വിശദാംശം നൽകുമോ? | പുതിയ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനു വേണ്ടി ചുവടെപ്പറയുന്ന കാര്യങ്ങളാണ് കരട് വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.<br>• വൈറ്റും ഗ്രീനും വിഭാഗങ്ങൾ തരംതിരിക്കുന്നതിന് സ്വയം സാക്ഷ്യപ്പെടുത്തുന്ന വ്യവസ്ഥ ഏർപ്പെടുത്തുന്നതിനെപ്പറ്റി ആലോചിക്കും.<br>• സംസ്ഥാനത്ത് ഒരു തേഡ് പാർട്ടി സർട്ടിഫിക്കേഷൻ സംവിധാനം തുടങ്ങുന്നത് പരിഗണിക്കും.<br>• ക്ലിയറൻസിന് ഏറ്റവും കൂടുതൽ 30 ദിവസം എന്ന ആശയം നടപ്പാക്കുന്നത് പരിഗണിക്കും.<br>• നിക്ഷേപകരുടെ അപേക്ഷയിന്മേൽ നടത്തേണ്ട നടപടിക്രമങ്ങൾ മുൻകൂട്ടി പ്രസിദ്ധപ്പെടുത്തും.<br>• ആരംഭത്തിൽ അനുവദിക്കുന്ന ലൈസൻസ് കാലാവധി എല്ലാ വകുപ്പുകൾക്കും 5 വർഷം എന്ന് നിജപ്പെടുത്തുന്നതിലേയ്ക്കായി നടപടി കൈക്കൊള്ളും.<br>• ഓരോ വകുപ്പുകളിൽ നിന്നും ലഭ്യമാകുന്ന ലൈസൻസുകൾ 'റൈറ്റ്-ടു- സർവ്വീസസ് ആക്ടിന്' വിധേയമായിരിക്കണം.<br>• സർട്ടിഫിക്കറ്റ് വാലിഡേഷൻ, അപ്രൂവൽ തുടങ്ങിയ എല്ലാ വിവരങ്ങളും വെബ്പോർട്ടലിൽ നൽകും.<br>• കേരള സ്റ്റേറ്റ് സിംഗിൾ വിൻഡോ ക്ലിയറൻസ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ആക്ട് 1999 വിപുലീകരിച്ച് ഓൺലൈൻ ക്ലിയറൻസ് മെക്കാനിസം |

| | |
|---|---|
| | തുടങ്ങും.<br>• ഏകജാലക ക്ലിയറൻസ് സംവിധാനത്തിന്റെ മികച്ച പ്രവർത്തനത്തിന് വിവിധ വകുപ്പുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് കെ.എസ്.ഐ.ഡി.സി-യെ നോഡൽ ഏജൻസിയായി നിയോഗിക്കും. കൂടാതെ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്റർ, പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് എന്നിവ രൂപീകരിക്കുന്നതിനും വിഭാവനം ചെയ്തിട്ടുണ്ട്.<br>• ഈ സംവിധാനം ജില്ലാതലത്തിൽ പ്രായോഗികമാക്കുന്നതിനായി ജില്ലാ കളക്ടർ തലവനായി വിവിധ വകുപ്പുകളിലെ പ്രതിനിധി ഉദ്യോഗസ്ഥൻമാർ ഉൾപ്പെട്ട ഒരു ജില്ലാ സമിതി രൂപീകരിക്കും.<br>• ക്ലിയറൻസിനായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങൾക്കും ഒരു പൊതു വെബ് പോർട്ടൽ തുടങ്ങി ബന്ധപ്പെട്ട മറ്റ് വകുപ്പുകളുമായി ബന്ധപ്പെടുത്തും.<br>• പൊതു വെബ്പോർട്ടലിൽ എല്ലാ അപേക്ഷകളും ഒരു സിംഗിൾ പോയിന്റ് വഴി സ്വീകരിക്കും.<br>• സർക്കാർ ട്രഷറി , ദേശസാൽകൃത ബാങ്ക് എന്നിവിടങ്ങളിലെ പ്രവർത്തനം പോലെ വെബ്പോർട്ടൽ വഴി 'ഓൺലൈൻ പേമെന്റ് സിസ്റ്റം' ആരംഭിക്കുന്നതിന് നടപടിയെടുക്കും.<br>• വ്യാവസായിക ആവശ്യത്തിന് സംസ്ഥാനത്തിന് ലഭ്യമായ സ്ഥല വിവരങ്ങൾ വെബ്പോർട്ടലിൽ ലഭ്യമാക്കുന്ന നടപടി സ്വീകരിക്കും.<br>• വിവിധ വകുപ്പുകളിൽ അപേക്ഷ സമർപ്പിക്കുന്നതിനായി പൊതുവായ സി.എ.എഫ് (Composite Application Form) നടപ്പാക്കും. |

**സെക്ഷൻ ഓഫീസർ**